DESPATCHED
On..05/03/2020

6/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ C.P. No.1402(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.18600/എസ്.ഐ.സി-ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. ഗോപാലകൃഷ്ണൻ നായർ പി.
കൃഷ്ണപ്രഭ, കാട്ടാംപാക്ക് പി.ഒ.,
ഞീഴൂർ, വൈക്കം, കോട്ടയം - 686 612 } പരാതി ഹർജിക്കാരൻ

ചങ്ങനാശ്ശേരി ബുള്ളറ്റ് ക്ലബ്,
രജി.നം. കെ.റ്റി.എം./ റ്റി.സി./678,.
ഉഷസ്സ് ആട്ടോസ് വർക്ക്സ്,വേഴയ്ക്കാട്ട് ചിറ,
റൂബിനഗർ പി.ഒ., ചങ്ങനാശ്ശേരി,കോട്ടയം- 686 103 } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 07.10.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 05.01.2016 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 01.12.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 08.12.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 08.01.2020, 05.02.2020<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,കോട്ടയം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: ബുള്ളറ്റ് ക്ലബ് | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.ഗോപാലകൃഷ്ണൻ നായർ പി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ KTM/TC/ 678-ാം നമ്പർ രജിസ്റ്റേർഡ് സംഘടനയായ ചങ്ങനാശ്ശേരി ബുള്ളറ്റ് ക്ലബിന്റെ ഒരു അംഗമാ

ണെന്നും മേൽപ്പടി ക്ലബ്ബിൽ നിന്നും ആവശ്യപ്പെട്ട വിവരങ്ങൾ നാളിതുവരെ ലഭിച്ചിട്ടി ല്ലായെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ച ത്, 04.10.2015 ലെ മലയാള മനോരമ പത്രത്തിൽ ചങ്ങനാശ്ശേരി ബുള്ളറ്റ് ക്ലബിന്റെ ഒരു പൊതുയോഗം നടന്നിരുന്നുവെന്നും മേൽപ്പടി പൊതുയോഗം കൂടുന്ന തീയതി അറിയി ച്ചിരുന്നില്ലായെന്നും മേൽപ്പടി പൊതു യോഗത്തിൽ തെരഞ്ഞെടുപ്പു നടന്നിട്ടുള്ളതായി അറിയാൻ കഴിഞ്ഞുവെന്നും ആയതിനാൽ 04.10.2015 ലെ മേൽപ്പടി പൊതു യോഗത്തിന്റെ ഹാജർ നിലയുടെ പകർപ്പും മിനുട്സിന്റെ പകർപ്പും ലഭ്യമാക്കണമെന്നു മാണ്.

3. ചങ്ങനാശ്ശേരി ബുള്ളറ്റ് ക്ലബ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, മേൽപ്പടി ക്ലബ് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ഒന്ന ല്ലെന്നാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ മേൽപ്പടി ക്ലബ് പ്രതിനിധി ബോധിപ്പിച്ചത്, ഇരു ചക്രവാഹനക്കാരുടെ ഒരു കൂട്ടായ്മയായി രൂപീകരിച്ച ഒരു സ്വകാര്യ ക്ലബ് ആയിരുന്നു ചങ്ങനാശ്ശേരി ബുള്ളറ്റ് ക്ലബ് എന്നും ആയതിന്റെ പ്രവർത്തനം നിലവിലില്ലായെന്നും മറ്റുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, വിവരങ്ങൾ തേടിയ ക്ലബ് ഒരു പ്രൈവറ്റ് ക്ലബ് ആണെന്നും ആയത് വിവരാവകാശത്തിന്റെ പരിധി യിൽ വരുന്ന ഒന്നല്ലെന്നും കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 6-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്,

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION